# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6451** — 21.11.2019-ൽ മറുപടിക്ക്

## അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിന് സമീപം ഓവർബ്രിഡ്ജ് നിർമ്മാണം

**ചോദ്യം**

**ശ്രീ. ടി.എ.അഹമ്മദ് കബീർ**

(എ) അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിന് സമീപം റെയിൽവേ ക്രോസിങ്ങ് ഭാഗത്ത് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനായി റെയിൽവേയ്ക്ക് പ്ലാൻ ആൻറ് എസ്റ്റിമേറ്റ് (പി & ഇ) ചാർജ്ജ് ഇനത്തിൽ അടയ്ക്കുവാനുള്ള തുക സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റെയിൽവേയ്ക്ക് നൽകാനുള്ള പി & ഇ ചാർജ്ജ് അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉടമസ്ഥർക്ക് നൽകേണ്ട തുക സംബന്ധിച്ച വിവരം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) പി & ഇ ചാർജ്ജ് അതിവേഗം അനുവദിച്ച് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ടുത്തി പ്രവർത്തനങ്ങൾ അതിവേഗമാക്കുമോയെന്ന് അറിയിക്കുമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) (ബി) (സി) (ഡി) & (ഇ) ഓരാടം പാലം മാനത്തുമംഗലം ബൈപ്പാസ് നിലമ്പൂർ ഷൊർണ്ണൂർ റെയിൽവേ പാതയെ കടന്നുപോകുന്ന ഭാഗത്ത് ലെവൽ ക്രോസ് നമ്പർ 7-ൽ (ഏഴുകണ്ണി പാലത്തിന് സമീപം) മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ റെയിൽവേ ഓവർബ്രിഡ്ജ് പോർഷന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 8,11,41,000/- രൂപയാണെന്നും ആയതിന്റെ പി & ഇ ചാർജ്ജ് 16,23,800/- രൂപയാണെന്നും ഇതിൽ പി & ഇ ചാർജ്ജ് അടിയന്തരമായി അടയ്ക്കണമെന്നും സതേൺ റെയിൽവേ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു മുമ്പു തന്നെ പി & ഇ ചാർജ്ജ് അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സാധാരണയായി പി & ഇ ചാർജ്ജ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു മുമ്പ് അനുവദിക്കാറുണ്ടോ എന്നത് സംബന്ധിച്ചും പരിശോധിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ